## ചോദ്യോത്തരം

**മുജീബ്**

# യഹൂദ സ്തുതിയുടെ മറുവശം

■ *"യേശു ക്രിസ്തു, ആൽബർട്ട് ഐൻസ്റ്റീൻ, കാൾ മാർക്സ്, സിഗ്മണ്ട് ഫ്രോയ്ഡ്..... ലോകത്തിന് ജൂതമതം നൽകിയ സംഭാവനയുടെ മഹത്വമറിയാൻ വിശേഷണങ്ങൾ ആവശ്യമില്ലാത്ത ഈ നാല് പേരുകൾ മാത്രം മതി. ചരിത്രത്തിന്റെ ഗതി മാറ്റിമറിച്ച ഇവർ ജൂതമതത്തിൽ ജനിച്ചവരാണ്. മതം എന്നതിനേക്കാൾ വംശം എന്ന് വിശേഷിപ്പിക്കുന്നതാവും ഈ മതത്തിന് കൂടുതൽ യോജിക്കുന്നത്.............*

*ആശങ്ക നിറഞ്ഞ മനസ്സോടെ നിലനിൽപിനും വേണ്ടി വെപ്രാളപ്പെട്ട് ഓടിനടക്കുന്ന ഒരു തെരുവു കച്ചവടക്കാരന്റെ കൗശലവും സാമർഥ്യവും എല്ലാ ജൂതന്മാരിലും ഒരളവിലുണ്ട്. ശാസ്ത്രജ്ഞനായാലും കോടീശ്വരനായാലും അത് മാറില്ല. അസാധാരണമായ ചിന്താപദ്ധതി, സൂക്ഷ്മമായ നിരീക്ഷണങ്ങൾ, വേഗത്തിലുള്ള തീരുമാനങ്ങൾ - ഏറ്റക്കുറച്ചിൽ കാണുമെങ്കിലും ലോകത്തെങ്ങുമുള്ള ജൂതന്മാരുടെ രക്തത്തിലെ ഈ ഗുണങ്ങളാണ് അവരുടെ വിജയരഹസ്യം.*

*ആറു ദിവസം കൊണ്ട് യുദ്ധം ആരംഭിക്കാൻ ആർക്കും കഴിയും. എന്നാൽ ആറു ദിവസം കൊണ്ട് വിജയകരമായി യുദ്ധം അവസാനിപ്പിക്കാൻ ഇസ്രയേലിനേ കഴിയൂ. അറബി രാജ്യങ്ങളാൽ ചുറ്റപ്പെട്ട ഒരു കൊച്ചു തുരുത്താണ് ഇസ്രയേൽ. ആയുധശേഷിയിലും ധനശേഷിയിലും ഇസ്രയേലിനേക്കാൾ പലമടങ്ങ് ശക്തരായ അറബി രാജ്യങ്ങളെ ആറു ദിവസം കൊണ്ട് തോൽപിച്ച് യുദ്ധങ്ങളുടെ ചരിത്രത്തിൽ അത്ഭുതം രചിക്കുമ്പോൾ ഏറ്റവും വലിയ ശക്തി ബുദ്ധിശക്തിയാണെന്ന് തെളിയിക്കുകയായിരുന്നു അവർ. ആസൂത്രണത്തിന്റെ വ്യക്തതയും കണക്കുകൂട്ടലിന്റെ കൃത്യതയും പ്രവൃത്തികളിലെ ചടുലതയും.... ഇസ്രയേലിന്റെ സിരകളിൽ ഓടുന്നത് ജൂതരക്തമാണ്.............*

*ശത്രുവിനോട് പോരാടുമ്പോൾ ജൂതന്മാർ ഒരു കാര്യം മറക്കാറില്ല; പഴയനിയമത്തിലെ ദാവീദിന്റെ കഥ. രണ്ടായിരം വർഷം നീണ്ടുനിന്ന ഒരു സ്വപ്നം താലോലിച്ച ജൂതന്മാർ ഇന്ന് ലോകത്തെ നിയന്ത്രിക്കുന്നത് ഇത്തരം ഡേവിഡ് സൊല്യൂഷനുകളിലൂടെയാണ്......"*

*(മലയാള മനോരമ കുട്ടികൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന ബാലരമ ഡൈജസ്റ്റിൽനിന്ന്. ലക്കം 14, 2007 ഫെബ്രുവരി 10). മുജീബിന്റെ പ്രതികരണം?*

**അബൂ അശ്ഫാഖ് തിരൂർ**

**എ**ഴുതിയവന്റെയും പ്രസിദ്ധീകരിച്ചവരുടെയും ജൂതമനസ്സാണ് വരികൾക്കിടയിൽ വായിച്ചെടുക്കേണ്ട പ്രധാന കാര്യം. പിശുക്ക്, കുടിലത, കുതന്ത്രം, പണപൂജ മുതലായ ദുർഗുണങ്ങളുടെ ആൾരൂപങ്ങളായ ഒരു വംശീയ വിഭാഗത്തെ അവരുടെ കറുത്ത പുള്ളികളത്രയും മറച്ച് 'അസാധാരണ ചിന്താപദ്ധതി, സൂക്ഷ്മമായ നിരീക്ഷണങ്ങൾ, വേഗത്തിലുള്ള തീരുമാനങ്ങൾ' എന്നീ ഗുണങ്ങളുടെ മൂർത്തികളായി അവതരിപ്പിക്കാനുള്ള ശ്രമം ജൂതകുതന്ത്രത്തിന്റെ മികച്ച ഉദാഹരണം തന്നെയാകുന്നു. പേരെടുത്തു പറഞ്ഞ ജൂതമഹാത്മാക്കളിൽ യേശു ഒഴിച്ച് ഒരാൾ പോലും ലോകത്തിന് നന്മ മാത്രം സമ്മാനിച്ചവരല്ലെന്ന സത്യം സമർഥമായി ഒളിപ്പിച്ചിരിക്കുന്നു. മഹാനായ യേശുവിനെ ഈ പട്ടികയിൽപെടുത്തിയതു തന്നെ പൊറുക്കാനാവാത്ത അനീതിയാണ്. ഭൂമിയിൽ ജീവിച്ച കാലമത്രയും യഹൂദ പൗരോഹിത്യത്തോട് പൊരുതിയ ശ്രേഷ്ഠ പ്രവാചകനായിരുന്നു യേശു. ആ 'പാപ'ത്തിനാണ് അദ്ദേഹത്തെ കുരിശിലേറ്റാൻ ജൂത പുരോഹിതന്മാർ പിലാത്തോസിനെ നിർബന്ധിച്ചതും. ഹിരോഷിമയെയും നാഗസാക്കിയെയും ചാരക്കൂമ്പാരമാക്കിയ അണുബോംബ് വർഷത്തിനു പിന്നിൽ ആൽബർട്ട് ഐൻസ്റ്റീന്റെ മസ്തിഷ്കമായിരുന്നു. 1917-ലെ റഷ്യൻ വിപ്ലവം മുതൽ ഇന്നും ബംഗാൾ, ബിഹാർ, ആന്ധ്ര, നേപ്പാൾ മേഖലകളെ ചോരയിൽ കുതിർക്കുന്ന വർഗവിദ്വേഷത്തിന്റെ മറുവശം കൂടി കണക്കിലെടുത്ത് വേണം കാൾ മാർക്സിനെ വിലയിരുത്താൻ. ആധുനിക മനുഷ്യജീവിതത്തെ ലൈംഗിക അരാജകത്വത്തിന്റെ കുപ്പത്തൊട്ടിയിലേക്കെറിഞ്ഞുകൊടുത്തതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സിഗ്മണ്ട് ഫ്രോയ്ഡിനെ ഒഴിച്ചുനിർത്താനാവില്ല.

ആറു ദിവസം കൊണ്ട് യുദ്ധം ജയിച്ചത് ഇസ്രയേലിന്റെ മിടുക്കുകൊണ്ടല്ല; അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ സാമ്രാജ്യത്വ ശക്തികളുടെ ആയുധശക്തിയും ധനസഹായവും യുദ്ധതന്ത്രവുമാണ് അതിനു കാരണം. ഇന്നും ഈ ശക്തികൾ മാറിനിന്നാൽ ലബനാനിലെ ഹിസ്ബുല്ല പോരാളികളുടെ മുമ്പിൽപോലും ഇസ്രയേൽ മുട്ടുമടക്കും. ഫലസ്തീനിലെ പിള്ളേർ പെറുക്കിയെറിഞ്ഞ കല്ലുകളാണ് ജൂതരാഷ്ട്രത്തെ ഓസ്‌ലോ സമാധാന ചർച്ചകളുടെ മേശക്കരികിലെത്തിച്ചത്. ഇറാഖിന്റെ ആണവശേഷി തകർക്കാൻ ഇസ്രയേലിനെ തുണച്ചത് അമേരിക്കയാണ്. ഇറാന്റെ നേരെ അമേരിക്ക തിരിയുന്നതും ജൂതരാഷ്ട്രത്തിനു വേണ്ടിത്തന്നെ. എന്നിട്ടും സയണിസ്റ്റുകൾക്ക് ഒരു രാത്രിപോലും സ്വസ്ഥമായി ഉറങ്ങാൻ പറ്റുന്നില്ലെന്നതാണ് 'ദാവീദിന്റെ പിൻഗാമികളുടെ' ചരിത്രവിജയം!

## അധിനിവേശവിരോധത്തിന്റെ കുത്തക

■ *"അധിനിവേശം എന്നു കേൾക്കുമ്പോൾ സോളിഡാരിറ്റി പ്രവർത്തകരുടെ മുഖത്തുണ്ടാകുന്ന വികാരം എന്തുകൊണ്ട് ഡി.വൈ.എഫ്.ഐ പ്രവർത്തകർക്കില്ല? കാര്യങ്ങൾ നന്നായി പഠിക്കാത്തതുകൊണ്ടാണിത്. അധിനിവേശം എന്ന വാക്ക് കേട്ടാലുടൻ 'ലാറ്റിൻ അമേരിക്ക' എന്ന് മന്ത്രിച്ചുകൊണ്ടേയിരിക്കണം. ഈ വാക്ക് മലയാളിക്ക് പരിചയപ്പെടുത്തിയത് ഡി.വൈ.എഫ്.ഐ ആണ്. പക്ഷേ, അത് ഇപ്പോൾ സോളിഡാരിറ്റിക്കാർ സ്വന്തമാക്കി. സോളിഡാരിറ്റിക്കാർ പറയുന്ന അധിനിവേശം സമഗ്രമല്ല. അത് പരിസ്ഥിതിയിൽ മാത്രം ഒതുങ്ങുന്നതാണ്" (ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറി പി. ശ്രീരാമകൃഷ്ണൻ - മലയാള മനോരമ 12.02.2007). മുജീബിന്റെ പ്രതികരണം?*

**കെ. അബ്ദുൽമജീദ് നരിക്കുനി**

**അ**ധിനിവേശവിരോധം ഡി.വൈ.എഫ്.ഐക്കും മാതൃ പ്രസ്ഥാനത്തിനും മുമ്പേ ഏകപക്ഷീയമായിരുന്നു എന്ന സത്യം ശ്രീരാമകൃഷ്ണൻ കാണാതെ പോയി. ഹംഗറിയിലും പോളണ്ടിലും സൈനികമായി ഇടപെടുകയും അഫ്ഗാനിസ്താനെ പിടിച്ചുവിഴുങ്ങുകയും ചെയ്ത സോവിയറ്റ് അധിനിവേശത്തോടോ തിബത്തിനെ സ്വന്തമാക്കിയ ചൈനീസ് അധിനിവേശത്തോടോ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് എതിർപ്പുണ്ടായില്ലെന്നു മാത്രമല്ല തെറ്റുപറ്റിയതായി സമ്മതിക്കാൻ ഇപ്പോഴും തയാറുമല്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന് സ്വതന്ത്രലോകത്തിന്റെ സംരക്ഷകരായി ചമയാൻ അവസരമൊരുക്കിയതു പോലും കമ്യൂണിസ്റ്റ് അധിനിവേശത്തിന്റെ ഈ മറുവശമാണ്. അത് തുറന്നു പറയാൻ സോളിഡാരിറ്റിക്കേ കഴിയൂ, ഡിഫിക്ക് വായതുറക്കാൻ പറ്റില്ല. അതുപോലെ എസ്.എൻ.സി ലാവലിൻ, എ.ഡി.ബി ഇടപാടുകളിലും സാമ്രാജ്യത്വത്തിന്റെ 'നല്ല മുഖം' കാണാൻ വിധിക്കപ്പെട്ടിരിക്കുന്നു ഡി.വൈ.എഫ്.ഐ. സോളിഡാരിറ്റിക്കാവട്ടെ അമേരിക്കൻ അധിനിവേശത്തെ എന്നപോലെ കുത്തകാധിനിവേശത്തെയും എതിർക്കാൻ തടസ്സങ്ങളില്ല. ലാറ്റിൻ അമേരിക്കയിലെ സാമ്രാജ്യത്വവിരുദ്ധ പ്രതിരോധത്തെ പിന്തുണക്കുന്നതോടൊപ്പം ഇറാന്റെ അധിനിവേശവിരുദ്ധ ചെറു

ത്തുനിൽപിനെക്കൂടി കലവറയില്ലാതെ പിന്തുണക്കാനാവുന്നു എന്നതാണ് സോളിഡാരിറ്റിയുടെ വ്യതിരിക്തത. പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഒതുങ്ങുന്നതല്ല ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ചെറുത്തുനിൽപ്. മനുഷ്യനെ മൃഗതുല്യനാക്കുന്ന മുതലാളിത്ത സാംസ്കാരികാധിനിവേശത്തെ കൂടുതൽ ശക്തമായി അവ എതിർക്കുന്നു. അതേസമയം യൂനിസെഫിന്റെ മേൽവിലാസത്തിൽ പാശ്ചാത്യ സാംസ്കാരികാധിനിവേശക്കാർ നടപ്പാക്കുന്ന ലൈംഗിക അരാജകത്വ പദ്ധതിയുടെ രക്ഷാധികാരിയും നടത്തിപ്പുകാരനുമാണ് കമ്യൂണിസ്റ്റായ വിദ്യാഭ്യാസമന്ത്രി എം.എ ബേബി. തന്മൂലം സംഭവിക്കുന്നതെന്ത് എന്ന് ഇടതുപക്ഷ യുവജന പ്രസ്ഥാനങ്ങൾ തിരിച്ചറിയണം. സ്നേഹം യാന്ത്രികവും കുടുംബജീവിതം അന്യവും സദാചാരം കടങ്കഥയുമായി മാറിയ, നിഷ്ക്രിയരും അരാഷ്ട്രീയക്കാരും സുഖലോലുപരുമായ ഒരു തലമുറ ഇവിടെ വളർന്നുവരും. ഈയാപത്തിനെ നേരിടുന്നതിന് ഇവർക്കെന്ത് ചെയ്യാൻ കഴിയുമെന്നതാണ് ചോദ്യം. സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലെ സാമ്രാജ്യത്വ-ഫാഷിസ്റ്റ് അധിനിവേശങ്ങളെയും സോളിഡാരിറ്റി ശക്തമായി നിരാകരിക്കുന്നു എന്ന വസ്തുതയും ഇതോട് കൂട്ടിവായിക്കണം.

## നാടിന്റെ ശത്രുക്കൾ?

■ *"വരട്ടു തത്ത്വവാദികളും ജനങ്ങളോട് ബാധ്യത ഇല്ലാത്തവരുമാണ് എ.ഡി.ബി വായ്പയെ എതിർക്കുന്നതെന്നും അവർ നാടിന്റെ ശത്രുക്കളാണെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. നാടിനോട് ഉത്തരവാദിത്വമുള്ളതുകൊണ്ടാണ് എ.ഡി.ബി വായ്പ വാങ്ങാൻ സി.പി.എം തീരുമാനിച്ചത്"* (മാധ്യമം *ദിനപത്രം 06.02.2007). മുജീബ് എന്തു പറയുന്നു?*

***പി.വി.സി മുഹമ്മദ്, പൊന്നാനി***

**നാ**ടിന്റെ ശത്രുക്കളാവാൻ എന്തെളുപ്പം! പ്രതിപക്ഷത്തിരിക്കുമ്പോൾ വീണ്ടും നാടിന്റെ ശത്രുക്കളാവാനുള്ള ഒരുക്കത്തോടെയാവണം പിണറായി സഖാവ് ഇത്തരം ഫത്വകൾ ഇറക്കുന്നത്. നാടിന്റെ നന്മ ആരിൽനിന്നായാലും കടം വാങ്ങുന്നതിലല്ല; കടക്കെണിയിൽ കുടുങ്ങി കുത്തുപാളയെടുക്കാൻ അവസരം സൃഷ്ടിക്കാതെ ധൂർത്തും ദുർവ്യയവും ഉപേക്ഷിച്ചും ചെലവുകൾ ചുരുക്കിയും അല്ലാതെയും ധനദുർവിനിയോഗം അവസാനിപ്പിച്ചും ധനാഗമന സ്രോതസ്സുകൾ വൈവിധ്യവത്കരിച്ചും വികസന അജണ്ടക്ക് മുൻഗണനാക്രമം നിശ്ചയിച്ചും ഭരിക്കുന്നതിലാണ്. പ്രത്യയശാസ്ത്രപരമായും പ്രയോഗതലത്തിലും ഇത് സാധിക്കാതെ പോയവർ 'വരട്ടുതത്ത്വവാദികളു'ടെ നേരെ രോഷം തീർത്തിട്ടു കാര്യമില്ല. 50,000 കോടി കവിഞ്ഞ കേരളത്തിന്റെ കടബാധ്യത ഇരട്ടിപ്പിക്കാനേ ഏത് ഉപാധിയുടെ പേരിലായാലും എ.ഡി.ബി വായ്പ വാങ്ങിയാൽ പിണറായിയുടെ സർക്കാറിന് സാധിക്കുകയുള്ളൂ. എസ്.എൻ.സി ലാവലിൻ അനുഭവത്തിൽനിന്നും ഒന്നും പഠിക്കാത്തവരെയോർത്ത് സഹതപിക്കുകയല്ലാതെ എന്തു ചെയ്യാൻ! എ.ഡി.ബി വായ്പ നേരത്തേ വാങ്ങിയവരുടെ ഗതി എന്തായി എന്ന് നേരിൽ കാണാൻ കൊൽക്കത്തക്ക് വണ്ടികയറാൻ ഏറെ പേർ തയാറാവില്ല എന്നതു മാത്രം അടിയറവുകളുടെ ചക്രവാളം വികസിപ്പിക്കാൻ ന്യായമാവരുത്.

## പരിണാമവിധേയമായ മൂല്യബോധം

■ *"സർഗാത്മക പ്രവർത്തനങ്ങൾ, സന്മാർഗ മൂല്യങ്ങൾ, മതാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ എന്നുവേണ്ട സംസ്കാര ചിഹ്നങ്ങളായ ഭാഷ, വേഷം, ഭക്ഷണം, മൂല്യബോധം എല്ലാം പരിണാമവിധേയമാണ്. സമൂഹനിർമിതിയാണ് മതം. യേശുവും മുഹമ്മദുമൊക്കെ മതസ്ഥാപകരായത് അവരെ പിന്തുടരാൻ തയാറായ ജനാവലി ഉണ്ടായതുകൊണ്ടാണ്.*

*"സന്മാർഗപരമായ പെരുമാറ്റം ഉരുത്തിരിയുന്നത് സാമൂഹികതലത്തിലാണ്. ഒറ്റയാന്റെ ലോകത്തിൽ ശരിയും തെറ്റും നിർവചിക്കുന്നതെങ്ങനെ? ഏറ്റവും കൂടുതലാളുകൾക്ക് സന്തോഷം നൽകുകയാണ് സന്മാർഗതത്ത്വങ്ങളുടെ ലക്ഷ്യമെന്ന ജെറമി ബെൻതമിന്റെ പ്രയോജനവാദത്തെ പാടേ നിരാകരിക്കാമോ?*

*"പഴയ നിയമത്തിലെ ദൈവം -യഹോവ- അസൂയാലുവും കഠിനഹൃദയനും നിഷ്ഠുരനും ഒക്കെയാണ്. എന്നാൽ പുതിയ നിയമത്തിൽ യേശു വിവരിക്കുന്ന ദൈവം സ്നേഹമയനും കാരുണ്യവാനും പരിത്രാണനുമാണ്. ആദിമ ക്രൈസ്തവരെ യഹൂദ സമൂഹത്തിന്റെ ഒരു ഉപവിഭാഗമായി പരിഗണിച്ചാൽ ഒരു സമുദായത്തിന്റെ ഈശ്വരസംവേദന ശൈലിയിൽ സംഭവിക്കാനിടയുള്ള മാറ്റം ശ്രദ്ധയിൽപെടും" ('ഈശ്വരൻ: ശാസ്ത്രജ്ഞന്മാർ പോരടിക്കുമ്പോൾ'* മാതൃഭൂമി *ആഴ്ചപ്പതിപ്പ്. ലക്കം: 49, ഫെബ്രുവരി 4)* മുജീബിന്റെ *പ്രതികരണം?*

***കെ.എസ്. മൻസൂറലി കടാങ്കോട്, പാലക്കാട്***

**മാ**റുന്ന സമൂഹത്തിന് മാറുന്ന സദാചാരം എന്ന സങ്കൽപനം പുതിയ ആശയമല്ല. അനിയന്ത്രിത സ്വാതന്ത്ര്യത്തിന്റെയും അവസരവാദ സദാചാരത്തിന്റെയും വക്താക്കൾ എക്കാലത്തും ഊന്നാൻ ശ്രമിച്ചത് തന്നെയാണ് മൂല്യബോധത്തിന്റെ പരിണാമദർശനം. യഥാർഥത്തിൽ മൗലികമായ ഈശ്വരവിശ്വാസത്തിനോ മതബോധത്തിനോ തജ്ജന്യമായ സദാചാരത്തിനോ ഒരു കാലത്തും മാറ്റം സംഭവിച്ചിട്ടില്ല, സംഭവിക്കുകയുമില്ല. ഈശ്വരൻ എന്നും ഏകനും സർവജ്ഞനും സർവാധികാരിയും കരുണാമയനും തന്നെയായിരുന്നു. അവൻ മനുഷ്യരെ സൃഷ്ടിച്ചതും ഏകസമൂഹമായിത്തന്നെ. ഭൂമിയിൽ മനുഷ്യജീവിതം സുഗമവും സുതാര്യവും സമാധാനപരവും സൗഹൃദപൂർണവും ആവേണ്ടതിന് ദൈവം കാലാകാലങ്ങളിൽ നൽകാവുന്ന സന്ദേശങ്ങൾ തന്നെയാണ് നോഹയും അബ്രഹാമും മോശെയും യേശുവും മുഹമ്മദും ലോകത്തിന് പരിചയപ്പെടുത്തിയത്. അല്ലാതെ ഓരോ പ്രവാചകനും വെവ്വേറെ മതം കൊണ്ടുവന്നതല്ല. ആചാരാനുഷ്ഠാനങ്ങളിലെ വൈവിധ്യങ്ങൾ സാന്മാർഗികതയുടെ അന്തസ്സത്തയെ ബാധിക്കുന്നതുമല്ല. ഏറ്റവും കൂടുതലാളുകൾക്ക് സന്തോഷം നൽകുകയാണ് സന്മാർഗതത്ത്വങ്ങളുടെ ലക്ഷ്യമെന്ന് വാദിക്കുമ്പോൾ ഒന്നാമതായി പരിശോധിക്കേണ്ടത് സന്തോഷം എന്നാൽ എന്ത് എന്നതത്രെ. ഇഷ്ടാഹാരം കഴിക്കുന്നതും ഇഷ്ടംപോലെ ഇണ ചേരുന്നതും യഥേഷ്ടം വിഹരിക്കുന്നതും മൃഗതൃഷ്ണകളെ ശമിപ്പിക്കുന്നതുമാണോ സന്തോഷം? എങ്കിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിന് മഹാഭൂരിപക്ഷത്തിന്റെ അസന്തുഷ്ടിയുടെ ചെലവിൽ പരിമിത നേരത്തേക്ക് മാത്രം നേടാൻ കഴിയുന്നതാണത്. രമ്യഹർമ്യങ്ങൾ പണിയുന്നവരും ബാങ്ക് ബാലൻസ് വർധിപ്പിക്കുന്നതും അതിവേഗ ശകടങ്ങളിൽ കുതിച്ചുപായുന്നതും നാലാളുടെ മുമ്പിൽ ഞെളിയുന്നതുമാണോ സന്തോഷം? എങ്കിൽ ആ 'സൗഭാഗ്യ'വും അധികപേർക്ക് വിധിച്ചിട്ടുള്ളതല്ല. അതിനാൽ ഇത്തരം സന്തോഷങ്ങൾ സാർവത്രികമാക്കാൻ ആര് ശ്രമിച്ചാലും ദയനീയ പരാജയമാണ് പരിണതി.

മറിച്ച് ഉള്ളതുകൊണ്ട് സംതൃപ്തിയടയുന്ന ലളിതവും സുതാര്യവുമായ ജീവിതം, സ്നേഹോഷ്മളമായ കുടുംബബന്ധങ്ങൾ, സാഹോദര്യബന്ധങ്ങളാൽ കോർത്തിണക്കപ്പെട്ട സാമൂഹികഘടന, കളവും ചതിയും കാപട്യവും സ്പർധയും ശത്രുതയും അസൂയയും ഇല്ലാത്ത പെരുമാറ്റം, ത്യാഗവും നിസ്വാർഥതയും മുഖമുദ്രകളായ സഹകരണം - ഇതൊക്കെയാണ് സന്തോഷമെങ്കിൽ അത് നേടാൻ ശാശ്വതവും സുസ്ഥിരവുമായ ധാർമികസംഹിതകളിലൂടെ മാത്രമേ സാധിക്കൂ. മൂലഗ്രന്ഥം നഷ്ടപ്പെട്ടശേഷം മനുഷ്യഭാവനയും കൈകളും ചേർന്ന് പുനഃസൃഷ്ടിച്ച വേദഗ്രന്ഥങ്ങൾക്ക് അപ്രമാദിത്വം അവകാശപ്പെടാനാവില്ല. അവയുടെ രചനയിൽ സാമൂഹികമാറ്റങ്ങൾ പരിധിയിലപ്പുറം പ്രതിഫലിക്കുന്നതും സ്വാഭാവികമാണ്. പതിനാലു നൂറ്റാണ്ട് കാലമായി മാറ്റമില്ലാതെ ഭദ്രമായവശേഷിക്കുന്ന ദൈവികഗ്രന്ഥത്തിന് പക്ഷേ ഈ പരിമിതികൾ ബാധകമേ അല്ല. അത് പഠിക്കാനുള്ള സന്മനസ്സാണ് ബുദ്ധിജീവികൾക്കുണ്ടാവേണ്ടത്. ■